# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1874 — 14.07.2011-ൽ മറുപടിയ്ക്ക്

## ആശുപത്രികളിലെ മാലിന്യ നിർമ്മാർജ്ജന സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ .ഡോ.എൻ. ജയരാജ്.<br>ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ.റോഷി അഗസ്റ്റിൻ.<br>ശ്രീ. പി.സി. ജോർജ്ജ്. | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ആശുപത്രികളുടെ മാലിന്യ നിർമ്മാർജ്ജന സംവിധാനത്തെ ക്കുറിച്ച് നിരീക്ഷണം നടത്തിയി ട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | എ) ഉണ്ട്. സർക്കാരിന്റെ അംഗീകാരത്തോടെ ഐ.എം.എ യുടെ ആഭിമുഖ്യത്തിൽ പാലക്കാട് പ്രവർത്തിച്ചു വരുന്ന 'ഇമേജ്' എന്ന സ്ഥാപനം മുഖേനയാണ് ആശുപത്രികളിൽ നിന്നും ബയോമെഡി ക്കൽ വേസ്റ്റ് സംസ്കരിച്ച് നിർമ്മാർ ജ്ജനം നടത്തുന്നത്.കൂടാതെ ചില ജില്ലാ താലൂക്ക് ആശുപത്രികളിൽ അതത് മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഖര മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങ ളുടെ ഭാഗമായി ഇൻസിനറേറ്റർ ഉപയോഗിച്ച് ഖരമാലിന്യങ്ങൾ നശിപ്പി ക്കുന്നുണ്ട്. കേന്ദ്രസർക്കാർ വിജ്ഞാ പനം ചെയ്തിട്ടുള്ള മാനദണ്ഡങ്ങൾക്ക നുസൃതമായും മലിനീകരണ നിയന്ത്രണ ബോർഡിന്റെ വ്യവസ്ഥകൾക്കനുസൃത മായും ആശുപത്രികളിൽ മാലിന്യ നിർമ്മാർജ്ജനം നടത്തുന്നുണ്ടോയെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് നിരീക്ഷണം നടത്തി വരുന്നുണ്ട്. |

# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1874 | 14.07.2011-ൽ മറുപടിയ്ക്ക്

## ആശുപത്രികളിലെ മാലിന്യ നിർമ്മാർജ്ജന സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ .ഡോ.എൻ. ജയരാജ്.<br>ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ.റോഷി അഗസ്റ്റിൻ.<br>ശ്രീ. പി.സി. ജോർജ്ജ്. | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ആശുപത്രികളുടെ മാലിന്യ നിർമ്മാർജ്ജന സംവിധാനത്തെക്കുറിച്ച് നിരീക്ഷണം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | എ) ഉണ്ട്. സർക്കാരിന്റെ അംഗീകാരത്തോടെ ഐ.എം.എ യുടെ ആഭിമുഖ്യത്തിൽ പാലക്കാട് പ്രവർത്തിച്ചു വരുന്ന 'ഇമേജ്' എന്ന സ്ഥാപനം മുഖേനയാണ് ആശുപത്രികളിൽ നിന്നും ബയോമെഡിക്കൽ വേസ്റ്റ് സംസ്കരിച്ച് നിർമ്മാർജ്ജനം നടത്തുന്നത്.കൂടാതെ ചില ജില്ലാ താലൂക്ക് ആശുപത്രികളിൽ അതത് മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഖര മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ ഭാഗമായി ഇൻസിനറേറ്റർ ഉപയോഗിച്ച് ഖരമാലിന്യങ്ങൾ നശിപ്പിക്കുന്നുണ്ട്. കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള മാനദണ്ഡങ്ങൾക്കനുസൃതമായും മലിനീകരണ നിയന്ത്രണ ബോർഡിന്റെ വ്യവസ്ഥകൾക്കനുസൃതമായും ആശുപത്രികളിൽ മാലിന്യ നിർമ്മാർജ്ജനം നടത്തുന്നുണ്ടോയെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് നിരീക്ഷണം നടത്തി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| .l) | മലീനികരണ നിയന്ത്രണ ബോർഡ് അനുശാസിക്കുന്ന ക്രമീകരണങ്ങൾ ഏർപ്പെടുത്താതെ പ്രവർത്തിക്കുന്ന ആശുപത്രികൾ സംസ്ഥാനത്തുണ്ടോ; ഇതു സംബന്ധിച്ച് ഏതെങ്കിലും ഏജൻസികളുടെ പഠന റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | ബി) | ബയോ മെഡിക്കൽ ചട്ടങ്ങൾ അനുശാസിക്കുന്നപ്രകാരം ബയോ മെഡിക്കൽ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ സ്വന്തമായോ പൊതു സംവിധാനം വഴിയോ ആണ് മിക്ക ആശുപത്രികളിലും നടപ്പിലാക്കി വരുന്നത്. എന്നാൽ സർക്കാർ ആശുപത്രികളിൽ നിന്നുള്ള സ്വീവേജ് ഉൾപ്പെടെയുള്ള ദ്രവ മാലിന്യങ്ങൾ മതിയായ രീതിയിൽ ശുദ്ധീകരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതിന് കാര്യമായ പുരോഗതി കൈവരിച്ചിട്ടില്ല. ഒരു ഏജൻസിയുടെയും പഠന റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| സി) | മാലിന്യം നീക്കുന്നതിന് ക്രമീകരണം ഏർപ്പെടുത്താതെ പ്രവർത്തിക്കുന്ന ആശുപത്രികൾക്ക് മുന്നറിയിപ്പ് നൽകി യുദ്ധകാലാടിസ്ഥാനത്തിൽ മാലിന്യ നിർമ്മാർജ്ജനം ഉറപ്പു വരുത്തുവാൻ നടപടി സ്വീകരിക്കുമോ? | സി) | മാലിന്യ നിർമ്മാർജ്ജന ക്രമീകരണം ഏർപ്പെടുത്താത്ത ആശുപത്രികൾ ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ അവയ്ക്ക് നിർദ്ദേശം നല്കിയും കാരണം കാണിക്കൽ നോട്ടീസ് , അടച്ചു പൂട്ടൽ നോട്ടീസ്, കൺസന്റ് നിരസിക്കൽ തുടങ്ങിയ കർശന നടപടികൾ സ്വീകരിച്ചും ശാസ്ത്രീയമായ മാലിന്യ സംസ്കരണം നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ